(ബി) & (സി) ഉണ്ട്. കണ്ണൂർ എ. ആർ. ക്യാമ്പിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ഈ ആനുകൂല്യം അർഹതയനുസരിച്ച് നൽകി വരുന്നു.

(ഡി) കണ്ണൂർ എ. ആർ. ക്യാമ്പിലെ അർഹതപ്പെട്ട മുഴുവൻ പോലീസുകാർക്കും നിയമാനുസൃതം അർഹതപ്പെട്ട ഓഫ് ഡ്യൂട്ടി അലവൻസ് അനുവദിച്ചിട്ടുണ്ട്.

പോലീസ് വകുപ്പിലെ സേനാംഗങ്ങളുടെ പ്രമോഷൻ വ്യവസ്ഥകൾ

42 [3738] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് വകുപ്പിലെ സേനാംഗങ്ങളുടെ പ്രമോഷൻ വ്യവസ്ഥകൾ എങ്ങനെയാണെന്നു വ്യക്തമാക്കുമോ;

(ബി) പോലീസുകാരുടെ ട്രെയിനിംഗ് കാലയളവ് സർവ്വീസായി പരിഗണിക്കണമെന്ന് ഉത്തരവുണ്ടോ?

(സി) ഈ ഉത്തരവ് സംസ്ഥാനത്തെ എല്ലാ പോലീസ് സേനാംഗങ്ങൾക്കും ബാധകമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എല്ലാ സേനാംഗങ്ങൾക്കും ഈ ഉത്തരവ് ബാധകമാക്കുമോ;

(ഡി) സർവ്വീസിൽ ജൂനിയറായ വനിതാ പോലീസുകാർക്ക് പുരുഷ പോലീസുകാർക്കുംമുമ്പേ പ്രമോഷൻ ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പോലീസ് വകുപ്പിൽ വനിത-പുരുഷ പോലീസുകാരുടെ പ്രമോഷൻ വ്യവസ്ഥകൾ ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിലെ സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള പ്രമോഷനുകൾ എല്ലാം തന്നെ കാലാകാലങ്ങളിൽ ഡി.പി.സി. തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നടത്തി വരുന്നു. എസ്.ഐ., എ.എസ്.ഐ. പ്രമോഷൻ ഡി.പി.സി. തയ്യാറാക്കുന്ന ലിസ്റ്റ് പ്രകാരം സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മറ്റു നിയമങ്ങൾക്കു വിധേയമായി നടത്തുന്നു.

(ബി) ഉണ്ട്.

(സി) ഈ ഉത്തരവ് എല്ലാ പോലീസ് സേനാംഗങ്ങൾക്കും ബാധകമാക്കിയിട്ടില്ല. ഇതിനായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുരുഷ-വനിതാ പോലീസുകാരുടെ സീനിയോറിറ്റി ഏകീകരിക്കുന്നതിനും അതുവഴി ഇവരുടെ പ്രമോഷൻ വ്യവസ്ഥകൾ ഏകീകരിക്കുന്നതിനുമായി ഒരു പ്രൊപ്പോസൽ സർക്കാരിനു ലഭിച്ചിട്ടുണ്ട്. അതു പരിഗണനയിലാണ്.

വടകരയിൽ എസ്. പി. ക്വാർട്ടേഴ്സ്

43 [3739] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ പോലീസ് സൂപ്രണ്ടിന്റെ ആസ്ഥാനമായ വടകരയിൽ എസ്. പി. ക്വാർട്ടേഴ്സ് പണിയാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വടകരയിൽ എസ്. പി. ക്വാർട്ടേഴ്സ് പണിയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ നിർമ്മാണ പ്രവർത്തികൾ

44 [3740] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ നിർമ്മാണ പ്രവർത്തികൾ നടത്തി വരുന്ന കരാറുകാരെ കോർപ്പറേഷൻ ജനറൽ മാനേജർ ദ്രോഹിക്കുന്നതായി ആരെങ്കിലും പരാതിപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) എ.ഇ., എ.എക്സ്.ഇ., സി.ഇ. എന്നീ ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്ത മെഷർമെന്റുകൾ ജനറൽ മാനേജർ വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതനുവദനീയമാണോ ; വിശദമാക്കുമോ;

(ഡി) ഈ വിഷയത്തിൽ ബഹു. കോടതി മുമ്പാകെ ഏതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ ; എത്ര കേസുകൾ;

(ഇ) ഉദ്യോഗസ്ഥരുടെ ഇത്തരം നടപടികൾ കോർപ്പറേഷന് നഷ്ടം വരുത്താൻ ഇടയാക്കുമെന്നു വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) പരാതിക്കാർക്ക് നീതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly